STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.223/PR/SPMC/PHQ/2022 Date: 30.10.2022

## കേരള പോലീസ് രൂപീകരണദിനാഘോഷം ചൊവ്വാഴ്ച;
## പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും

കേരള പോലീസിന്റെ 67 -ാമത് രൂപീകരണദിനാഘോഷത്തോടനുബന്ധിച്ചുള്ള പരേഡ് ചൊവ്വാഴ്ച നടക്കും. തിരുവനന്തപുരത്ത് എസ്.എ.പി ഗ്രൗണ്ടിൽ നടക്കുന്ന പരേഡിൽ രാവിലെ ഒമ്പത് മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കും. സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത്, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

മികച്ച സേവനത്തിനുള്ള കഴിഞ്ഞ വർഷത്തെ മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ ലഭിച്ച 261 പോലീസ് ഉദ്യോഗസ്ഥർക്ക് ചടങ്ങിൽ അവ വിതരണം ചെയ്യും. പരിപാടിയുടെ തൽസമയ സംപ്രേഷണം സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ ഫെയ്സ് ബുക്ക് പേജിൽ രാവിലെ 8.40 മുതൽ ലഭിക്കും.

**************************************